**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1626** **15-03-2022 - ൽ മറുപടിയ്ക്ക്**

**കുട്ടാടൻ പാടശേഖരവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **null**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ കുട്ടാടൻ പാടശേഖരവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിലെ കുട്ടാടൻ പാടശേഖരവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പാടശേഖരവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | പുതിയതായി നടപ്പിലാക്കേണ്ട പ്രവൃത്തി കളുടെ രൂപരേഖ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ഗുരുവായൂർ മണ്ഡലത്തിലെ കൂട്ടാടൻ പാടശേഖരവുമായി ബന്ധപ്പെട്ട്**
**നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി**

| ക്രമ നമ്പർ | പ്രവൃത്തി | നിലവിലെ പുരോഗതി |
|---|---|---|
| 1 | ആർ.ഐ.ഡി.എഫ് XX - കൂട്ടാടൻ പാടത്തിന്റ പുനരുജ്ജീവനംഒന്നാം ഘട്ടം - കൺസ്ട്രക്ഷൻ ആൻഡ് റീ സെക്ഷനിങ് ഓഫ് ഡ്രൈനേജ് കനാൽസ് | 1,14,83,000/- രൂപ ചെലവഴിച്ചു.<br>പ്രവൃത്തി 17.39 കിലോമീറ്റർ |
| 2 | ആർ.ഐ.ഡി.എഫ് XX - കൂട്ടാടൻ പാടത്തിന്റ പുനരുജ്ജീവനം രണ്ടാം ഘട്ടം - പാർട്ട് 1 - സൈറ്റ് ക്ലിയറൻസ്, കനാൽ ആഴം കൂട്ടുന്നത്, പുതിയ കനാൽ നിർമ്മാണം | 10.84 കിലോമീറ്റർ കനാൽ ആഴം കൂട്ടുന്ന പ്രവൃത്തിയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ 7 കിലോ മീറ്റർ പണി പൂർത്തീകരിച്ചിട്ടുണ്ട്. ആകെ പദ്ധതി തുക 1,06,85,000/- രൂപയാണ്. അതിൽ 31,89,460/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | ആർ.ഐ.ഡി.എഫ് XX - കൂട്ടാടൻ പാടത്തിന്റ പുനരുജ്ജീവനം രണ്ടാം ഘട്ടം - പാർട്ട് 2 - സൈറ്റ് ക്ലിയറൻസ് ഓഫ് ഫീൽഡ്, പ്രൊവൈഡിംഗ് ട്രാക്ടർ റാമ്പ്സ്, & പൈപ്പ് കൾവർട്ട്സ് | പ്രസ്തുത പ്രവൃത്തിയിൽ സൈറ്റ് ക്ലിയറൻസ് പ്രവൃത്തികൾ 100% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ നിലവിൽ 32 റാമ്പുകളാണ് പൂർത്തീകരിക്കേണ്ടത്. ഇതിൽ 18 റാമ്പിന്റെ സ്ട്രക്ച്ചർ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. 14 റാമ്പുകൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി തുക 1,57,05,977/- രൂപയാണ്. അതിൽ 1,02,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | ആർ.ഐ.ഡി.എഫ് XX - കൂട്ടാടൻ പാടത്തിന്റ പുനരുജ്ജീവനം രണ്ടാം ഘട്ടം - പാർട്ട് 3 - കൺസ്ട്രക്ഷൻ ഓഫ് സ്ലൂയിസ് ആന്റ് പമ്പ് ഹൗസ് | പ്രവൃത്തിയിൽ മൂന്ന് ചീർപ്പുകളുടെ നിർമ്മാണ പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി 100% പൂർത്തീകരിച്ചിട്ടുണ്ട്. ആകെ പദ്ധതി തുകയായ 1,94,97,101/- രൂപയിൽ 1,97,51,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| 5 | ആർ.ഐ.ഡി.എഫ് XX - കൂട്ടാടൻ പാടത്തിന്റ പുനരുജ്ജീവനം രണ്ടാം ഘട്ടം - പാർട്ട് 4 - കൺസ്ട്രക്ഷൻ ഓഫ് സ്ലൂയിസ് ആന്റ് പമ്പ് ഹൗസ്, കൾവർട്ട് ആന്റ് ഫൂട്ട് ബ്രിഡ്ജസ് | പ്രസ്തുത പദ്ധതിയിൽ ചീർപ്പ് നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ കൾവർട്ട് നിർമ്മാണം 80% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിലെ ഫൂട്ട് ബ്രിഡ്ജസ് നിർമ്മാണം 30% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫൂട്ട് ബ്രിഡ്ജ് പ്രവർത്തികൾ നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ആകെ പദ്ധതി തുകയായ 2,15,34,671/- രൂപയിൽ 1,08,27,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി 40% പൂർത്തീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 6 | ആർ.ഐ.ഡി.എഫ് XX - കുട്ടാടൻ പാടത്തിന്റ പുനരുജ്ജീവനം രണ്ടാം ഘട്ടം - പാർട്ട് 5 - ത്രീ ഫേസ് ലൈൻ വിപുലീകരണം & പമ്പുകളുടെ വൈദ്യുതീകരണം | പ്രസ്തുത പ്രവൃത്തിയുടെ പമ്പുസെറ്റ് സ്ഥാപിക്കുന്ന സ്ഥലത്തേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ്. ഈ പദ്ധതിയിൽ കെ.എസ്.ഇ.ബി എസ്റ്റിമേറ്റ് പ്രകാരം 1,67,15,200/- രൂപ കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കെ.എസ്.ഇ.ബി ആരംഭിച്ചിട്ടുണ്ട്. |
| 7 | ആർ.ഐ.ഡി.എഫ് XX - കുട്ടാടൻ പാടത്തിന്റ പുനരുജ്ജീവനം രണ്ടാം ഘട്ടം - പാർട്ട് 6 - പമ്പ് സെറ്റ് സ്ഥാപിക്കൽ | പ്രസ്തുത പദ്ധതിയിൽ കുട്ടാടൻ പാടശേഖരത്തിൽ പുതിയതായി നിർമ്മിച്ച ചീർപ്പുകളിലേക്ക് സബ്മേഴ്സിബിൾ പമ്പുകൾ നൽകുന്നതിനുള്ള പ്രവൃത്തിയും, വിവിധ പാടശേഖരങ്ങളിലേക്ക് 94 സെൻട്രിഫ്യൂഗൽ പമ്പ്സെറ്റുകൾ നൽകുന്നതിനുള്ള പ്രവൃത്തിയും ഉൾപ്പെടുന്നു. പ്രസ്തുത വർക്കുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 4 സ്ഥലത്തെ 30 എച്ച്.പി പമ്പുസെറ്റുകളുടെ വിതരണത്തിനായി M/s ഹൈഡ്രോ ഇലക്ട്രിക് സിസ്റ്റം എന്ന സ്ഥാപനം കരാർ ഉടമ്പടി വച്ചിട്ടുണ്ട്. അവിയൂരിൽ സ്ഥാപിച്ച ചീർപ്പിലേക്ക് സബ്മേഴ്സിബിൾ പമ്പ് (40 എച്ച്.പി) നൽകുന്നതിന് M/s വിജയൻ എന്റർപ്രൈസസ് എന്ന സ്ഥാപനം കരാർ ഉടമ്പടി വച്ചിട്ടുണ്ട്. സെൻട്രിഫ്യൂഗൽ പമ്പുകൾ സ്ഥാപിക്കുന്നതിനായി M/s വാട്ടർ വേൾഡ് എന്ന സ്ഥാപനം കരാർ ഉടമ്പടി വച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളും പാടശേഖരത്തിൽ ആരംഭിച്ചിട്ടുണ്ട്. |